# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജനുവരി 28, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1) ഹർത്താലിലെ വ്യാപക അക്രമങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, 03.01.2019-ലെ ഹർത്താലുമായി ബന്ധപ്പെട്ട് അക്രമം നടത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വകാര്യ, പൊതുമുതൽ നശിപ്പിച്ച വകയിൽ യഥാക്രമം 1,03,28,526 രൂപയുടെയും 28,43,072 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. Prevention of Damage to Public Property Act, 1984 പ്രകാരം പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ

കേസ് രജിസ്റ്റർ ചെയ്യാനും നഷ്ടം ഈടാക്കാനും വ്യവസ്ഥയുണ്ട്. സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി പുറപ്പെടുവിച്ച പ്രത്യേക ഓർഡിനൻസ് അനുസരിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചുവർഷം വരെ തടവുശിക്ഷയും സ്ഫോടനം, തീ എന്നിവയ്ക്ക് കാരണമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് അക്രമം നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ പത്തുവർഷം വരെ തടവും പിഴയുമോ നൽകാനും വ്യവസ്ഥയുണ്ടെന്നും നശിപ്പിക്കപ്പെട്ട മുതലിന്റെ മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുമെന്നും പ്രസ്തുത തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കാത്തപക്ഷം ജാമ്യം ലഭിക്കുകയില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കരുതൽ തടങ്കലും പോലീസ് പിക്കറ്റും ഏർപ്പെടുത്തിയതും സാമൂഹ്യ മാധ്യമങ്ങളിലൂടെ കലാപത്തിന് ആഹ്വാനം ചെയ്യുന്ന സന്ദേശങ്ങൾ കൈമാറുന്നതിനെതിരെ നടപടിയെടുക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചതുംമൂലം കലാപമുണ്ടാക്കാനുള്ള ഗൂഢപദ്ധതികൾ നടപ്പിലായില്ലെന്നും ഹർത്താൽ നിയന്ത്രിക്കണമെന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകക്ഷി യോഗം വിളിച്ച് സമവായമുണ്ടാക്കി 2015-ലെ ഹർത്താൽ നിയന്ത്രണ ബിൽ പാസ്സാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മതനിരപേക്ഷത തകർക്കാനുള്ള ബോധപൂർവ്വമായ നീക്കങ്ങളെ പൊതുസമൂഹം എതിർക്കണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2(*2) <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനം</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കരാർ പ്രകാരം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് 16 മാസംകൂടി അനുവദിക്കണമെന്ന അദാനി കമ്പനിയുടെ ആവശ്യം ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖ കമ്പനി നിരസിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ/എംപവേർഡ് കമ്മിറ്റികളും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പാറക്ഷാമം പുലിമുട്ട് നിർമ്മാണത്തെയും പദ്ധതി നടത്തിപ്പിനെയും ബാധിക്കുമെന്ന് ഇൻഡിപെൻഡന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും യോഗം ചേർന്ന് ദ്രുതഗതിയിൽ പാറ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് പാറ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സ്വന്തമായി ക്വാറികൾ ആരംഭിക്കുന്നതിനായി അദാനി

കമ്പനി അപേക്ഷ സമർപ്പിക്കുകയും റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, പരിസ്ഥിതി വകുപ്പുകളുടെ അനുമതി നേടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. പദ്ധതിയുടെ അനുബന്ധ റെയിൽവേ ലൈൻ നിർമ്മാണത്തിനുള്ള ആദ്യഘട്ട പരിശോധന പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി ബാധിതരായ 2567 പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും 88 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഓഖി ദുരന്തം പദ്ധതി പ്രവർത്തനത്തെ ബാധിച്ചുവെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

3(*3 & *27) <u>പ്രളയാനന്തര കേരള പുന:സൃഷ്ടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പ്രളയാനന്തര കേരളം പുനഃസൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച റീ ബിൽഡ് കേരള പദ്ധതിയിലൂടെ മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, ദുരന്തങ്ങളെ അതിജീവിക്കുന്ന സാങ്കേതികവിദ്യകൾ ഉൾക്കൊണ്ട് ആസ്തികൾ പുനർനിർമ്മിക്കുക, പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിക്കുക, പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത ഉറപ്പാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. വിവിധ വകുപ്പുകൾ വഴി

പദ്ധതിരേഖകൾ തയ്യാറാക്കി ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടിയാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനായി മന്ത്രിസഭയുടെ കീഴിൽ ഒരു ഉപദേശക സമിതി, ഉന്നതതല അധികാരസമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ്, സ്ഥാപനതല പിന്തുണ സംവിധാനം എന്നിവ രൂപീകരിച്ചിട്ടുണ്ട്. വിപുലമായ ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും സമാഹരണവും പരിശോധനയും നടത്തിയാണ് പുനർനിർമ്മാണ പദ്ധതികൾ തെരഞ്ഞെടുക്കുന്നതെന്നും ലോകബാങ്ക് സഹായ പദ്ധതികളിലെ ചെലവഴിക്കാത്ത തുക പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പ്രളയത്തെത്തുടർന്ന് അടിയന്തര സഹായമെത്തിക്കുക, കേന്ദ്ര ദുരന്തനിവാരണ ഫണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിൽനിന്നും ധനസഹായം വിതരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ റവന്യൂ വകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്. ആസ്തികൾ നഷ്ടപ്പെട്ടവർക്കായി അതത് വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ വിഹിതത്തിൽനിന്നോ നിലവിലെ പദ്ധതികൾ ഭേദഗതി ചെയ്തോ പുനരധിവാസ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 687843 പ്രളയബാധിതർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ടെന്നും കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 52.54

കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് 21.7 കോടി രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 559.19 കോടി രൂപയും 60996 പുതിയ തൊഴിൽ കാർഡും വിതരണം ചെയ്തിട്ടുണ്ടെന്നും 4.93 കോടി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും 732.46 കോടി രൂപ കുടുംബശ്രീ മുഖേന പലിശരഹിത വായ്പയായി ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പൂർണ്ണമായും വീട് തകർന്ന 9341 പേർക്ക് ആദ്യഗഡു ധനസഹായം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കുകയും ബാക്കിയുള്ളവ കെയർ ഹോം, സന്നദ്ധസംഘടനകൾ എന്നിവ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഭാഗികമായി തകർന്ന വീടുകളെ നാല് വിഭാഗങ്ങളായി തിരിച്ച് ആദ്യ രണ്ട് വിഭാഗങ്ങൾക്ക് പൂർണ്ണമായും ബാക്കിയുള്ളവർക്ക് ഒന്നാം ഗഡുവായും ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ ശേഷിക്കുന്നവർക്കെല്ലാം മുഴുവൻ തുകയും നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. പൂർണ്ണമായും നഷ്ടപ്പെട്ടതോ വാസയോഗ്യമല്ലാതായതോ ആയ വീടുകൾ വീട്ടുടമകൾ പുനർനിർമ്മിക്കുമെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, സംസ്ഥാന ദുരന്ത പ്രതികരണനിധി എന്നിവയിൽനിന്നും 4 ലക്ഷം രൂപയും ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നുണ്ട്. വീടുകളുടെയും

സ്ഥാപനങ്ങളുടെയും പുനർനിർമ്മാണം നടത്തുന്നതിനായി സർക്കാരിനെ സമീപിക്കുന്ന സന്നദ്ധസംഘടനകൾ, വ്യക്തികൾ, പ്രസ്ഥാനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവർക്ക് നേരിട്ടോ ക്രൗഡ് ഫണ്ടിംഗ് മുഖേനയോ സഹായം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പുറമ്പോക്കിൽ താമസിച്ചിരുന്ന പ്രളയബാധിതർക്കും പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ദുരന്തപ്രതികരണ നിധിയിൽനിന്നും ദുരിതാശ്വാസ സഹായം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അപ്പീലുകളും പരാതികളും സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ദുരന്തബാധിതരായ കർഷകർക്ക് 178 കോടി രൂപയ്ക്കു പുറമെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 21 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട കുടിശ്ശികത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 371 വരെയുള്ള ചോദ്യങ്ങളിൽ 75 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)